ഉത്തരം

(എ) 1048 കൃഷിഭവനുകൾ ഇവയോട് ചേർന്ന് കാർഷികവികസന സമിതികൾ പ്രവർത്തിച്ചു വരുന്നു.

(ബി) 1. പഞ്ചായത്തിന്റെ കാർഷിക വികസന പ്ലാനും പ്രോജക്ടും തയ്യാറാക്കുക.

2. കൃഷിക്കാരുടേയും അവർ അനുവർത്തിക്കുന്ന കാർഷിക വൃത്തികളുടെയും സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുക.

3. വിവിധ പദ്ധതികളും അതിന്റെ ഉപഭോക്താക്കളെയും തെരഞ്ഞെടുക്കുക.

4. പഞ്ചായത്തിൽ നടപ്പാക്കാനുള്ള വിവിധ പദ്ധതിയിൽ ഉൾപ്പെടുന്ന അടിസ്ഥാന സൗകര്യ വികസന ജോലികൾ (ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് വർക്സ്) നിർദ്ദേശിച്ച മാർഗ്ഗ നിർദ്ദേശപ്രകാരം തെരഞ്ഞെടുക്കുക.

5. പഞ്ചായത്തിൽ നടപ്പാക്കുന്ന വിവിധ കാർഷിക വികസന പദ്ധതികളുടെ അവലോകനവും വിലയിരുത്തലും നടത്തുക.

(സി) പഞ്ചായത്തുമായി സഹകരിച്ച് കൃഷിഭവന്റെ പ്രവർത്തനം മെച്ചപ്പെട്ടതാക്കാൻ സഹായിക്കുക എന്നതാണ് പ്രസ്തുത കമ്മിറ്റിയുടെ കടമ. മൂന്നവർഷം കാലാവധിയുള്ള പ്രസ്തുത കമ്മിറ്റി 2002 ജൂലൈ മാസത്തിലാണ് പുനഃസംഘടിപ്പിച്ചത്.

ഇളംപള്ളൂരിൽ കൃഷിഭവൻ സ്ഥാപിക്കാൻ നടപടി

96 (1891) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ കൊറ്റംകര പഞ്ചായത്ത് വിഭജിച്ചത് ഇളംപള്ളൂർ, കൊറ്റംകര പഞ്ചായത്തുകൾ രൂപീകൃതമായപ്പോൾ ഇളംപള്ളൂർ പഞ്ചായത്തിൽ കൃഷി ഭവൻ ഇല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കൃഷി ഭവൻ സ്ഥാപിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പുതുതായി രൂപീകരിച്ച പഞ്ചായത്തുകളിൽ കൃഷിഭവൻ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

കാസർഗോഡ് ജില്ലയിൽ നിലവിലുള്ള കൃഷിഭവനുകൾ

97 (1892) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എത്ര കൃഷിഭവനുകളാണ് നിലവിലുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly